# സ്വർണധ്വനി

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2023-24**

ശ്രീകൃഷ്ണ ഹൈസ്കൂൾ
മറ്റത്തൂർ



## ആശംസകൾ

പ്രിയപ്പെട്ടവരേ,

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി 2023 -24 വർഷത്തെ ഡിജിറ്റൽ മാഗസിൻ തയാറാക്കിയിരിക്കുകയാണ് . നമ്മുടെ വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിനുള്ള എളിയ ശ്രമം മാത്രമാണ് ഈ ഉദ്യമം കൊണ്ട് ലക്ഷ്യമിടുന്നത്. വരും നാളുകളിൽ നമ്മുടെ കുഞ്ഞുപ്രതിഭകൾക്ക് സർഗാത്മക പാതയിൽ മുന്നേറാനുള്ള പ്രചോദനം നൽകുമെന്ന് പ്രത്യാശിച്ചുകൊണ്ട്, ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

SREE KRISHNA HIGH SCHOOL
MATTATHUR

ഹെഡ്മിസ്ട്രസ്സ്
MANJULA.M
Head Mistress
S.K.H.S. Mattathur
Pin: 680 684

# ആശംസകൾ

പ്രിയപ്പെട്ടവരേ,

നൂതന കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ വിദ്യാർത്ഥികളുടെ സാംസ്കാരിക ഉന്നമനത്തിന് ഈ ഡിജിറ്റൽ മാഗസിൻ ഒരു ഉപാധിയാകട്ടെ എന്ന് ആശംസിക്കുന്നു

മാനേജർ
ശ്രീ കൃഷ്ണ ഹൈ സ്കൂൾ

little KITEs
SREE KRISHNA HS
MATTATHUR

# എഡിറ്റോറിയൽ ബോർഡ്

ആശയം - മഹാദേവ് എ ആർ ൯C

കവർ പേജ് ഡിസൈനിങ് - ജിബിൻ ബൈജു ൯F

## ചീഫ് എഡിറ്റർ

1. മുഹമ്മദ് സ്വാലിഹ് ൯C
2. ഷാൻ ഡി സൂസ ൯C

## ടൈപ്പിംഗ്

1. നന്ദന മണിലാൽ ൯C
2. ആന്മരിയ എ എം ൯C
3. ബെൻസൻ ബെന്നി ൯C
4. ഐവിൻ എം എൽ ൯C

# വരുംതാളുകൾ

## കവിതകൾ (മലയാളം )


| | | |
|---|---|---|
| 1 അമ്മ സ്നേഹം | ആഷ്വിൻ ഷിബു | 8 C |
| 2 ഗുരുവിന്റെ ധർമ്മം | ആഷ്വിൻ ഷിബു | 8 C |
| 3 നിഴലെ | ദിയ സാബു | 9 C |
| 4വർഷാഗമനം | നിഹാരിക ലക്ഷ്മി | 7 B |
| 5 അവൾ | ദേവനന്ദ എ എം | 9 C |
| 6 എൻപ്രണയമേ | ജെസ്റ്റീന മറീറ്റ | 9 C |
| 7 എൻ ജീവനിൽ | ജെസ്റ്റീന മറീറ്റ | 9 C |
| 8 നിഴലണഞ്ഞപോലെ | ദിയ സാബു | 9 C |
| 9 കാവലുണ്ടാവണേ | ദിയ സാബു | 9 C |
| 10 കൊഴുക്കുന്ന കാന്തികൾ | അനഘ പ്രകാശൻ | 9 C |
| 11 ഗസ്സ | സന നസ്റിൻ | 9 C |
| 12 പ്രിയ നദിയേ | അനഘ പ്രകാശൻ | 9 C |

## കഥാരചന (മലയാളം)

| | | |
|---|---|---|
| 13 ഒരിക്കൽ മാത്രം | ജെസ്റ്റിന മറീറ്റ | 9.C |
| 14 അപ്പുവിന്റെസ്വപ്നം | ഷെയ്ബനാത്തുൽ മിസ്രി എ എ | 8 E |

## ഉപന്യാസം (മലയാളം)

| | | |
|---|---|---|
| 15 ആരോഗ്യവും ശുചിത്വം | ഷെയ്ബനാത്തുൽ മിസ്രി എ എ | 8 E |

## കവിത (ഇംഗ്ലീഷ് )

| | | |
|---|---|---|
| 16 Destiny | ആര്യൻ എ നൈതെർ | 8 D |

# ആമുഖം

പ്രിയപ്പെട്ടവരേ,

ശ്രീകൃഷ്ണ ഹൈസ്ക്കൂൾ മറ്റത്തൂരിലെ 2023-24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാൽ മുൻകൈ എടുത്തുതയ്യാറാക്കിയ **സ്വർണധ്വനി** എന്ന ഈ എളിയ ഉദ്യമം എല്ലാവർക്കുമായി പൊന്നിൽ പൊതിഞ്ഞു സമർപ്പിക്കുന്നു.

എഡിറ്റർ

# അമ്മ സ്നേഹം

എനിക്കായ് നീ ഉഴിഞ്ഞു വച്ചുവല്ലോ
നിൻ യുവത്വവും വാർദ്ധക്ക്യവും
അമ്മേ നിൻ സ്നേഹം മാധുര്യമല്ലോ
ലാളിത്യമോടെ സ്നേഹിക്കുന്ന അമ്മ സ്നേഹം ഉചിതമല്ല
അമ്മേ നിൻ കരുതലും വിശ്വാസവും
എനിക്കതല്ലോ ആശ്വാസ തലോടൽ
നീയാണെൻ ദൈവം
അമ്മേ നീയെൻ ഗുരു
നീയാണെൻ സഹപാഠി
നീയാണെൻ സർവവും.



ആഷ്‌വിൻ ഷിബു 8C

# ഗുരുവിന്റെ ധർമ്മം

കർത്തവ്യങ്ങളാൽ ദൈവമയച്ച
എൻ ഗുരുനാഥനെ
വിദ്യപകർന്നീടാനായി ദൈവമയച്ചവനെ
എൻ്റെ ഗുരുവായി വിദ്യപകർന്ന്
എന്റെ സഹപാഠിയായി തെറ്റുതിരുത്തി
എൻ്റെ പിതാവായിയെന്നെ ശകാരിച്ച് പുണ്യപാത
തെളിച്ചവനെ
വിദ്യ തൻ നിറകുടമായി
എന്നെ വഴി നടത്തിയവനെ
ഇനിയും അറിവിൻ വെളിച്ചം പകരാൻ
ദൈവം കൃപ നൽകുന്നവനെ

*ആഷ്‌വിൻ ഷിബു 8C*

# നിഴലെ (അമ്മ)

ഞാൻ എന്ന ജന്മം നീ തന്ന ദാനം.
നിന്നിലെ ഒരു ഭാഗം മാത്രമാണീ
ഞാൻ എന്ന ധർമ്മം
വാടുന്ന വേനലിൻ തണലേകി നീ
അണയുന്ന നിൻ കരങ്ങളിൽ വാടാതെ തളരാതെ കാത്തെന്നെ നീ

നീയില്ല ജന്മം കനൽ അണഞ്ഞ തീ ജ്വാലക്ക് സമം
. വെയിൽ കായുമ്പോൾ നീ എൻ കൂടെ തണലെത്തും
നീ എനികൊപ്പം ഞാൻ വന്ന നാൾ മുതൽ ഞാൻ പോവും നാൾ വരെ
നീ എൻ്റെ കൂടെ അന്നും ഇന്നും ഇനിയും പിൻതുടരവേ..

ഇത്രനാൾ കാത്തപോൽ ഇനിയും കാക്കണെ നീ ഈ ജീവനെ..

ദിയ സാബു 9.C



little KITEs
SREE KRISHNA HS
MATTATHUR

# വർഷാഗമനം

മിഴിയ്ക്കു നീലാഞ്ജന പുണ്യമായും
ചെവിയ്ക്ക് സംഗീതക സാരമായും മെയ്യിന് കർപ്പൂരമായും
പുലർന്നുവല്ലോ പുതുവർഷക്കാലം (2)

കവിയ്ക്കു കാമിയ്ക്ക് കൃഷിവലന്ന് കരള്ക്കൊരാഹ്ലാദരസം വളർത്തി (2)
ആവിർഭവിപ്പൂ നവ നീലമേഘം
അഹോ കറുപ്പിൻ കമനീയ ഭാവം
മേലെ മദാൽ കാറ്റ് കുലുക്കിടുമ്പോൾ
പുത്തൻ മഴത്തുള്ളികളോട് ക്രൂടി

ഉതിർന്നു വീഴും നറു മാമ്പഴങ്ങൾ
ഉതിർന്നു വീഴും നറു മാമ്പഴങ്ങൾ
ഓടി പെറുക്കുന്നതിളം കിടാങ്ങൾ
ഓടി പെറുക്കുന്നതിളം കിടാങ്ങൾ
ചിന്നി തെറിയ്ക്കും നറു മുത്തുപോലെ നീളുന്ന വെള്ളിത്തെളിനൂലുപോല (2)

ആകാശഗംഗ പ്രസരങ്ങൾ പോലെ

ആഹാ പതിപ്പൂ പുതു വർഷ തോയം
ആഹാ പതിപ്പൂ പുതുവർഷതോയം
മിഴിയ്ക്കു നീലാഞ്ചാന പുഞ്ചമായും
ചെവിയ്ക്ക് സംഗീതകസാരമായും
മെയ്യിന് കർപ്പൂരകപൂരമായും പുലർന്നുവല്ലോ പുതു വർഷകാലം.
വീഴും മഴത്തുള്ളികൾ ഉമ്മവെച്ചു

വരണ്ട മണ്ണിൽ മണമുദ്യാമിയ്ക്കെ (2)

പച്ച പൊടിപ്പുല്ല് കിനാവു കണ്ടു പശുക്കളാമ്പാരവമേറ്റിടുന്നു (2)

മിഴിയ്ക്കു നീലഞ്ചാന പുഞ്ചമായും ചെവിയ്ക്ക് സംഗീത സാരമായും മെയ്യിന്
കർപ്പൂരക പൂരമായും

പുലർന്നുവല്ലോ പുതു വർഷകാലം പുലർന്നുവല്ലോ പുതു വർഷ കാലം
പുലർന്നുവല്ലോ..... പുതു വർഷകാലം.

നീഹാരിക ലക്ഷ്മി

# അവൾ....

പാതിയടഞ്ഞ  ജനാലയിലൂടെ പുറത്തേക്കു
നോക്കി ഞാൻ ഇരുന്നു.....
ചുണ്ടുകളിൽ അക്ഷരങ്ങൾ
വിരിഞ്ഞിട്ട് കാലമേറെയായി.....
ചങ്ങലകളില്ലാതെ പാറിപറക്കുന്ന
ശലഭത്തെ കണ്ട് ഞാൻ അത്ഭുതപ്പെട്ടു....
മനസിലെ വേദനകളെല്ലാം  ആ ശലഭത്തോട് പറയണമെന്ന് തോന്നി
പക്ഷേ അത് എന്നിലും എത്രയോ ദൂരെയാണ്
ഞാൻ അവളെ വിളിച്ചു...... അവൾ എന്നെ ഒന്നു നോക്കി
പുഞ്ചിരിച്ചുകൊണ്ട് പറന്നു......
എനിക്കും അതുപോലെ പറക്കണം...
ഈ ജനലിലൂടെ പുറത്തേക്ക് പറക്കണം......
അനന്തവിഹായസ്സിളിങ്ങനെ
ചിന്തകളെ വരവേൽകാതെ.....
പിന്നെയും അവളെ നോക്കി
ജനലിനരികിൽ ഞാൻ ഇരുന്നു...
അവൾ എന്റെ അടുത്ത് വന്നു എന്നെ
നോക്കി നിന്നു......
എന്റെ കണ്ണുകൾ നിറഞ്ഞു...... അവൾ എന്റെ ചുറ്റും പറന്നു നടന്നു.......
എന്റെ കണ്ണു മായും വരെ.... എന്റെ സങ്കടങ്ങളെല്ലാം ഞാനവളിൽ ഇറക്കി
വെച്ചു.....
ഒരു ഭാരം ചുമന്നതുപോലെ അവൾ പറന്നകന്നു....
വീണ്ടും അവളുടെ വരവിനായി ഞാൻ കാത്തിരുന്നു..
പിന്നീട് അവൾ വന്നപ്പോൾ ഞാൻ പറഞ്ഞു....
എനിക്കും പറക്കണം നിന്റെ കൂടെ...
നിന്റെ ചിന്തകൾ എന്ന് നിന്നെ ഉപേക്ഷിക്കുന്നുവോ....
അന്ന് നിനക്ക് പറക്കാൻ സാധിക്കും....
അവളുടെ വാക്കുകൾ എന്റെ മനസ്സിലാവർത്തിച്ചു..
മന്ത്രിച്ചു കൊണ്ടിരുന്നു.....

ദേവനന്ദ എ എം 9C

# എൻ  പ്രണയമേ..

നിൻ താലിചിരടിൽ  സ്നേഹ
ബന്ധമില്ലാതെ ഒരിക്കലും ഞാൻ
നിന്റേതാകില്ലല്ലോ?

എന്റേതാണോ എന്ന ചോദ്യത്തിനുത്തരം
മഞ്ഞചാരടിൽ കോർത്ത താലിയാം
നമ്മുടെ പ്രണയമല്ലോ?

നിൻ തീക്ഷണനോട്ടങ്ങളിൽ പോലും
തളർന്നവളെ... ചേർത്ത് പിടിച്ചിരുന്ന
എൻ കഠിനമാം പ്രണയത്തെ ഓർക്കുന്നു
ഞാൻ.......

പൊടിപിടിച്ച എൻ പ്രണയത്തിൻ താളുകൾക്ക്
ജീവൻ നൽകി പടുത്തുയർത്തുവാൻ
എൻ കൂടെ ഉണ്ടായില്ലേ നീ?

എന്റേതാണെന്ന വെറും വ്യാമോഹത്താൽ
പ്രണയിച്ചിരുന്ന നിന്നെ ഞാൻ എൻ
ജീവനെപ്പോൽ

നിൻ പാതിയായി മാറുമെന്ന എൻ
വിശ്വാസത്തിൽ
ജീവിച്ചിരുന്നു ഞാൻ എൻ
പ്രണയത്തിനായി......

എൻ പ്രണയം ഹൃദയത്തെ
കുത്തി നോവിക്കുന്ന
വെറും ഓർമയായി മാറി ഇന്നെനിക്ക്.....

ജെസ്നീന മരീറ്റ എം   9.C

# എൻ ജീവനിൽ

ഇന്ന് നീ ജീവനോടെ
എൻറെ കൂടെ ഇല്ലെങ്കിലും

എൻ ജീവനായി എൻ്റെ ഉള്ളിൽ ഹൃദാത്തിന ജീവിക്കുന്നു നീ

എനിക്കായി നീ പകത്തി തണ ജീവൻ ഇന്നെൻ്റെ ജീവനിള്ള
പ്രതീക്ഷകളാണ്

നീ എൻ ജീവിതത്തിൽ വന്നില്ലായിരുന്നെങ്കിൽ

ഞാൻ മരിച്ച് മണ്ണടിഞ്ഞ് പോയാലും നീ ജീവനോടെ ഉണ്ടായേനേ.--

നീ എനിക്ക് തൽകിയ ജീവനാൻ പ്രണയിക്കുന്നു നിന്നെ എൻ
(പാണനായി ഞാൻ

എന്റെ ജീവിതത്തിന്റെ അർത്ഥം നൽകിയ എൻ ജീവനാണ് നീ

എൻ്റേതി മാത്രമായ എൻ ജീവൻ . .

ജെസ്റ്റീന മരീറ്റ എം 9.C

# നിഴലണഞ്ഞപോലെ...

കാണാതെ എന്നെ നീ നോക്കാതെയായി
ഞാൻ ആരെന്നറിയാതെ
നീ ചോദ്യങ്ങളായി
കാലങ്ങൾ പിന്നിട്ടും നിൻ്റെ നിഴലായി
ഞാൻ ഇരുളണഞ്ഞപോലെ അന്ന്
ഞാനും അണഞ്ഞുപോയി...

ഇന്നുനിൻ ചോദ്യങ്ങൾ കാലങ്ങൾ
തിരികെ കൊണ്ടിടുമ്പോൾ
നിന്നോടുള്ള എൻ ഇഷ്ടം പിന്നെയും
വന്നിതാ കാലങ്ങളായി ഞാൻ കാത്ത
സത്യം കൺമുൻമ്പിൽ പറഞ്ഞിതാ
ഇനിയും ആയിരം ജന്മങ്ങൾ
നിമ്മണഞ്ഞപോലെ....

ദിയ സാബു 9.C

little KITEs
SREE KRISHNA HS
MATTATHUR

# കാവലുണ്ടാവണേ

കടലോളം വന്നാലും നിന്നോളം വരില്ല
ഇന്നെന്നിലെ പ്രണയ ഗീതം
സൗരഭ്യമായ ഗീതം കവിതകളായി നിനക്കായി എഴുതിയതൻ സ്വരം
ഉയരാൻ നീ വരുവാൻ
ഞാൻ കാത്തു.

ഈ ഓർമക്കൾക്കെല്ലാം വീണ്ടും പൂക്കുലക്കുവാൻ
ഞാൻ ആശിച്ചു വിരമിച്ചു.
കാത്ത സത്യമേ എന്നും കാവലുണ്ടാവണേ...

ഓർമകൾ പണിത മണിമാളികയുടെ
വാതിൽക്കൽ കണ്ണുനീർ തൂകി
ഹൃദയം നിശ്ചലമായി സഞ്ചരിക്കുന്ന ആ പാതയിൽ
നിൻ്റെ കാൽ സ്വരം
എന്നെ തഴുകിയുണർത്തി.

ഈ കാലമത്രയും ഞാൻ
നിന്നെ കാത്തപ്പോൾ
ഇനി എനിക്കായി
നീ കാവലുണ്ടാവണേ...

*ദിയ സാബു 9.C*

# കൊഴിയുന്ന കാന്തികൾ

പച്ചയിലകൾക്കിടയിൽ നിന്ന്
പുഞ്ചിരിതൂകുമെൻ കൊച്ചു പൂവേ
പ്രകാശപൂരിതമാം ഈ പ്രപഞ്ചം
അങ്ങനെയങ്ങനെ നിന്നെ നോക്കി
നിൻ ചേല് കണ്ടു ഞാൻ ധന്യയായി
നിൻ ഛായം കണ്ടു പ്രസന്നയായി
നിന്നെ ചുംബിച്ചൊരു കൊച്ചനിലൻ
നിൻ ഗന്ധമെന്നിൽ പകർത്തിയില്ലേ
അങ്ങനെയങ്ങനെ ശോഭിച്ചു നീ ...
എൻ പ്രേമോദ്യാനത്തിൽ ശോഭിച്ചു നീ...
എത്രയോ രാത്രികൾ രാവാകും നിൻ
കാന്തി കിനാവകിയുറങ്ങുന്നു ഞാൻ
എന്നെ തഴുകിയ കൊച്ചു പൂവേ
പുലരിതൻ മുറ്റത്തു വീണിന്നു നീ ...
അങ്ങനെയങ്ങനെ മായുന്നോ നീ ...
എന്നിൽ നിന്നും മറഞ്ഞിടുന്നോ
ഈ അവനിതിന് കാന്തിയെല്ലാം
നിൻ ഇതൾ പോലെ കൊഴിഞ്ഞിടുന്നു ...
അവാച്യമാം  ചേലുള്ള കൊച്ചു ഭൂമി
നീയെന്ന പോലെ കൊഴിഞ്ഞിടുന്നു..
അങ്ങനെയങ്ങനെ മാഞ്ഞിടുന്നു ...
കൊഴിയുന്ന ഓരോ കാന്തികളും ...

**അനഘപ്രകാശൻ** 9.D

# ഗസ്സ

ഓ ചൂതരെ ....

എന്ത് എൻ ഗസ്സ പൈതങ്ങൾ ചെയ്തു ...

നിഷ്കളങ്കരായ പൈതങ്ങൾ എന്തു  ചെയ്തു ...

എത്രമേൽ വധിക്കപ്പെട്ടു കുഞ്ഞു മുട്ടുകൾ ?!

അറിഞ്ഞോ നീ ...

സ്വർഗത്തിലിപ്പോൾ കുഞ്ഞു പൂമ്പാറ്റകൾ ഉല്ലസിക്കുകയാണ് !

അറിഞ്ഞിരിക്ക നീ ...

കൊന്നു തിന്നുന്ന അവസ്ഥ വന്നാലും

ഖുദ്സിൻ മണ്ണ് തരി വിട്ടവർ പോവില്ല

ഗസ്സ പൈതങ്ങൾ പുഞ്ചിരി വിടരാത്ത

ലോകം അവസാനിക്കില്ല !!!

ഒന്നുറപ്പാ ...

ഈ യുദ്ധത്തിൽ തുടച്ചു നീക്കപ്പെടാനുള്ളവർ

ആണത്രെ ഇസ്രേലിയർ ......

KITEs
SREE KRISHNA HS
MATTATHUR

സന നസ്രിൻ 9.C

# പ്രിയ നദിയെ

എത്രയോ പേരിലായി എത്രയോ പേരുടെ
ഉള്ളിന്റെയുള്ളിലായ് നീയിന്നു വാഴുന്നു
നദിയായി പുഴയായി അരുവിയായെന്നും നീ
ഈ നന്മ ഭൂവിലായ്  വാഴിടുന്നു

നിന്റെയീ ശുദ്ധമാം ജലമാണുയെന്നിലെ
ദാഹങ്ങളെല്ലാം ശമിപ്പിച്ചത്
എത്രയോ പേരിലായി എതോ ദിശയിലായ്
നീയൊഴുകുന്നു പ്രിയ നദിയെ
നിന്റെയീ ശുദ്ധമാം ജലത്തിൽ കുളിക്കുവാൻ
ഇന്നെന്റെ ഹൃദയം തുടിക്കുന്നു ...

ഏത്രയോ പേരിലായി ഈ നന്മ ഭൂവിലായി
നീ വാഴിടുന്നു പ്രിയ നദിയെ
ഈ പ്രപഞ്ചത്തിന്റെ കാന്തികൾ ക്രുടുന്ന
ഒരു ശോദ പുഷ്പമാനിന്നു നീയും ...

SREE KRISHNA HS
MATTATHUR

*അനഘ പ്രകാശൻ* 9.D

# ഒരിക്കൽ മാത്രം

റോഡിലൂടെ ചീറിപാപ്പാഞ്ഞ് പോകുന്ന വാഹനങ്ങൾ. ഭൂമിയോടുള്ള അടങ്ങാത്ത  പ്രണയം  വർഷിക്കുന്ന മഴ. ആരുടേയും കണ്ണുകൾക്ക് കുളിർമയേകുന്ന ദൃശ്യം   ഒപ്പിയെടുക്കുകയാണ് അവളുടെ കണ്ണുകൾ.തൻറെ കണ്ണുകളെ എന്നും  ആകർഷിക്കുന്ന പ്രൗഢിയോടെ തല ഉയർത്തി നിൽക്കുന്ന വൃന്ദാവനം  തറവാട്.അവളുടെ മനസ്സിന് കുളിർമയേകുന്ന കാഴ്ചകൾ ഒപ്പിയെടുക്കുകയാണവൾ.നമ്മുടെ സ്വന്തം കഥാ നായിക കളരിക്കൽ ദേവാനന്ദിൻറെയും   ഭാര്യ  ഭദ്രയുടെയും രണ്ടു മക്കളിൽ രണ്ടാമത്തവൾ. മൂത്തവൾ ദേവി ദേവാനന്ദ് ആളൊരു നർത്തകിയും ഒപ്പം തന്നെ കുട്ടികൾക്ക് അറിവ് പകർത്തി നൽകുന്ന നല്ലൊരു അദ്ധ്യാപകയുമാണ്. രണ്ടാമത്തവൾ ദേവമിത്ര എല്ലാവരുടേയും മിത്ര കളരി പയറ്റ് കാരിയും ഒപ്പം ഡിഗിരി രണ്ടാം വർഷം ബി.ബി.എയും ചെയുന്നു. തന്റെ മുന്നിലൂടെ പോകുന്ന ബെൻസ് കാറിലേക്ക് കണ്ണ് നട്ടിരിക്കുന്നവൾ,ഒരിക്കലെങ്കിലും 'ഒരിക്കൽ മാത്രം' വൃന്ദാവനം എന്ന തറവാട്ടിൽ കേറണം എന്ന ആഗ്രഹമുള്ളവൾ,തൻ്റെ മുമ്പിൽ തുറന്ന കവാടത്തിലൂടെ പുറത്തേക്ക് പോകുന്ന കാറിലേക്ക് ഉറ്റ് നോക്കി.തൻ്റെ മുന്നിലൂടെ പോയ കാർ അതേ പോലെ തന്നെ തൻ്റെ അടുത്തേക്ക് തിരിച്ചു വന്നു.അതിൽ നിന്നിറങ്ങുന്നവനെ ഞെട്ടലോടെയും അതിലുപരി സന്തോഷത്തോടെയും നോക്കിയവൾ.  എം  ഡി  ഓഫ് വൃന്ദാവനം ഗ്രൂപ്സ് .. ദ  ബിസ്സ്നസ് ടൈക്രൂൺ mr.ദേവയാൻഷ് ദേവനാരായണൻ' വൃന്ദാവനത്തിൽ ദേവനാരായണനും (37) രേവതിക്കും അഞ്ച് മക്കളാണ്.ദേവദത്ത്, ദേവജിത്ത്, ദേവസൂര്യ, ദേവയാൻഷ്  പിന്നെ ദേവാഗ്നയും.ദേവദത്തും ദേവജിത്തും വിവാഹിതരാണ്. ദേവസൂര്യയുടെ നിശ്ചയവും കഴിഞ്ഞതാണ് .പക്ഷെ ദേവയാൻഷ് എന്ന

അൻഷി ചെറുപ്പം തൊട്ട് ആരെയോ പണയിക്കുന്നുണ്ടായിരുന്നു.അവളെ പെട്ടന്ന് ഒരുദിവസം നഷ്ടപ്പെട്ടതിൻ്റെ വേദന. അതാണ് ഇന്നും പ്രണയമോ വിവാഹമോ ഇല്ലാതെ ജീവിക്കാൻ പ്രേരിപ്പിച്ചത് . തൻ്റെ മുമ്പിൽ നിൽക്കുന്നവനെ നോക്കി വിടർന്ന നീലകണ്ണ്കളോടെ പുഞ്ചരിച്ചു.അവൻ തൻ്റെ നഷ്ടപ്പെട്ട പ്രണയസഖിയെ അന്വേഷിച്ചപ്പോൾ വീട്ടുകാർ കൊണ്ട് പോയി എന്ന് അറിഞ്ഞിരുന്നു അവൻ.കുറെ അന്വേഷിച്ചു എങ്കിലും എങ്കോട്ടാണ് പോയതെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല അവന്.ഒന്നും മിണ്ടാതെ അവളുടെ നിറികിൽ മുകർന്ന് കൊണ്ട് തിരിച്ചു പോകുമ്പോൾ ഒന്നെ ഉണ്ടായിരുന്നൊള്ളു അവൻറെ മനസ്സിൻ ഇനി അവൾ എൻ്റെതാണെന്ന്... അതുകൊണ്ടാവും ഒട്ടും ചിന്തിക്കാതെ വീട്ടുക്കാരെ ക്രുട്ടി കളരിക്കലേക്ക് പുറപെട്ടത്...

ക്ലാസ്സ് കഴിഞ്ഞ് തിരികെ വീട്ടിലെത്തുമ്പോൾ കണ്ടു അവൾ ഉമ്മറത്ത് നിരന്ന് കിടക്കുന്ന വാഹനങ്ങളെ. ഒരു പുഞ്ചരിയോടെ അകത്തേക്ക് കയറുമ്പോൾ കണ്ടു തന്നെ നോക്കി പുഞ്ചരിക്കുന്നവനെ.തന്നെ ആകർഷിക്കുന്ന കടുംകാപ്പിമിഴകളെ. ആർക്കും എതിർപ്പില്ലാത്തതിനാൽ കല്യാണമുറപ്പിക്കുമ്പോൾ അറിയുകയായിരുന്നു .അവർ തൻ്റെ പ്രണയത്തെ. നീണ്ട ഒരു വർഷത്തെ കാത്തിരിപ്പിനോടുവിൽ മഞ്ഞ ചരടിൽ കോർത്ത് താലി കെട്ടി സ്വന്ത മാക്കുമ്പോൾ, വടക്കുനാഥൻ്റെ മണ്ണിൽ വെച്ച് അവളുടെ സീമന്ദരേഖ ചുമപ്പികുമ്പോൾ അവൻ്റെ ചുണ്ടുകൾ അറിയുകയായിരുന്നു അവൾ അവളുടെ നെറുകയിൽ മുത്തം നൽകി.

ഇരുവരും തങ്ങളുടെ പ്രണയം എത്ര ഒരച്ചതായിരുന്നു എന്ന്. രണ്ടുപേരുടെയും കണ്ണുകൾ ഒരുപോലെ നിറഞ്ഞ തുളുമ്പിയിരുന്നു. കൈകൾക്രൂപ്പി കണ്ണുകൾ അടച്ച് പ്രാർത്ഥിക്കുമ്പോൾ മനസ്സിലാക്കിയിരുന്നു അവിടെ അവരുടെ പുതിയ ജീവിതം തുടങ്ങുകയാണെന്ന്. ഇതൊരു അവസാനമല്ല ഇതൊരു പുതിയ തുടക്കമാണ്.

ജെസ്സിനെ മരീറ്റ 9.C

SREE KRISHNA HS
MATTATHUR

# അപ്പുവിൻ്റെ സ്വപ്നം

ഒരു ദിവസം രാത്രിയിൽ അപ്പു വെള്ളം കുടിക്കാനായി അടുക്കളയിലേക്ക് പോവുകയായിരുന്നു . ചുറ്റിലും കുറ്റാക്കുരിരുട്ട്. അവന് ചെറിയ ഭയമുണ്ട്. ദാഹിച്ച് വലഞ്ഞവൻ ഭയത്തോടെ നടന്നു. പെട്ടെന്ന് ഒരു ബോംബ് പൊട്ടുന്ന ശബ്ദം വീട്ടിലെ വെളിച്ചമെല്ലാം ഉണർന്നു. അപ്പു പെട്ടെന്ന് പേടിച്ചുപോയി. അപ്പോഴാണ് തൻ്റെ അച്ഛനും അമ്മയും പിറന്നാൾ ആശംസകൾ പാടിയത്. ഹാളിൽ മൊത്തം ബലൂണും മറ്റു അലംകാര വസ്തുക്കളും ഉപയോഗിച്ച് ഭംഗിയായി അലംകരിച്ചിരിക്കുന്നു. മേശയുടെ മുകളിലാണെങ്കിൽ രണ്ടു നിലകളായി പൊങ്ങി നിൽക്കുന്ന ഒരു കേക്കും. പേടിച്ചു വിറച്ചു നിന്ന അപ്പു സന്തോഷത്തിൽ  കുളിച്ചു. ഈ കാഴ്ച്ചയെല്ലാം കണ്ട് അവൻ അത്ഭുതപ്പെട്ടുപോയി . ആ അത്ഭുതം ഒട്ടും വിട്ടുമാറാതെ തന്നെ അവൻ അച്ഛനോടും അമ്മയോടുമൊത്ത് കേക്ക് മുറിച്ച് പിന്നാൾ അഘോഷിച്ചു.ആ കേക്ക് മുറിച്ചു അച്ഛനും അമ്മക്കും നൽകിയതിനുശേഷം അവനും അത് കഴിച്ചു . താൻ ആഗ്രഹിച്ചതിലും വലുതായയാണ് തൻ്റെ പിറന്നോൾ ആഘോഷം നടന്നത് എന്നോർത്ത് അവൻ സന്തോഷിച്ചു. അപ്പോഴാണ് അച്ഛനും അമ്മയും അവനോട് പറഞ്ഞത് "അപ്പു . ഇനി നീ നിൻ്റെ കണ്ണുകളടച്ച് ഇരുകൈകളും നീട്ടുക. അവൻ അവൻ്റെ കണ്ണുകളടച്ച് ഇരു കൈകളും നീട്ടി. അവർ അവൻ്റെ കയ്യിൽ വർണ്ണക്കടലാസിൽ പൊതിഞ്ഞ ഒരു സമ്മാനം വെച്ചു കൊടുത്തു . അവൻ തൻ്റെ കണ്ണുകൾ തുറന്ന് ആകാംശയോടെ അത് തുറക്കാൻ തുടങ്ങി. അതിലെ സമ്മാനം കാണ്ട് അവൻ അതിസന്തോഷവാനായി.കുറേ നാളുകളായി അവനാഗ്രഹിച്ച ഒന്നാണ് ആകാശത്തിൽ പറന്നു കളിക്കുന്ന കളിപ്പാട്ടം.ഇത് ആകാശത്തിൽ ഉയർന്നു  പറക്കുന്നതല്ലെങ്കിലും അത് കണ്ടപോൾ താൻ സ്വയം ഒരു മാലാഖയെപ്പോലെ ആകാശത്തിൽ പാറി

SREE KRISHNA HS
MATTATHUR

ശൈബാനത്തുൽ മിസ്‌രി  എ എ 8 E

# ആരോഗ്യവും ശുചിത്വവും

ആരോഗ്യവും ശുചിത്വവും ഉണ്ടെങ്കിലേ നമുക്ക് ശാന്തമായ ഒരു മനസ്സുണ്ടാവൂ.ശാന്തമായ മനസ്സുണ്ടെങ്കിലേ നാം ചെയ്യുന്ന പ്രവർത്തനങ്ങളിലെല്ലാം നമുക്ക് നീതി പുലർത്താനാവൂ.ആരോഗ്യവും ശുചിത്വവും നമ്മുടെ ജീവിതത്തിലെ പ്രധാന ഘടകങ്ങളാണ്.ഓരോ ദിവസവും തുടങ്ങി അവസാനിക്കുന്നത് വരെ ആരോഗ്യവും ശുചിത്വവും അത്യാവശ്യമാണ്.

ശുചിത്വത്തിന്റെ കാര്യത്തിൽ നാം ഒരു ദിവസം ആരംഭിക്കുന്നത് തന്നെ പല്ലു തേച്ചാണ്.നമ്മുടെ ജീവിതശൈലികളിൽ രണ്ടുനേരമുള്ള പല്ലുതേപ്പ് ഒഴിവാക്കാനാവാത്തതാണ്.നമ്മുടെ പല്ലുകളാണ് നമ്മുടെ തിളക്കം.എന്നാൽ നമ്മുടെ പല്ലുകൾ മോശമായാൽ അത് നഷ്ടപ്പെടും.അതുകൊണ്ട് നമ്മുടെ പല്ലുകൾ നാം വൃത്തിയായി സൂക്ഷിക്കണം.

അതുപോലെ തന്നെയാണ് രണ്ടു നേരമുള്ള കുളി.എന്നും നാം രണ്ടു നേരം കുളിക്കണം.എങ്കിലേ നമ്മുടെ ശരീരത്തിലെ അഴുക്കെല്ലാം വൃത്തിയാകു.ശരീരത്തിലെ അഴുക്കുകൾ നീക്കം ചെയ്തില്ല എങ്കിൽ അത് നമ്മളിൽ പല രോഗങ്ങളെയും ക്ഷണിച്ചു വരുത്തും.അതുകൊണ്ടു രണ്ടു നേരെമുള്ള കുളി നാം മുടക്കരുത്.

പിന്നെയുള്ളതാണ് നാം ഭക്ഷണം കഴിക്കുന്നതിനു മുന്പും ശേഷവും കൈകൾ വൃത്തിയായി സൂക്ഷിക്കണം.നമ്മുടെ കയ്യിലെ വിയർപ്പും ചെളിയുമെല്ലാം നമ്മുടെ വയറ്റിലെത്തിയാൽ നമുക്ക് പല രോഗങ്ങളും വന്നേക്കാം.അതുകൊണ്ടു തന്നെ നാം കൈകൾ എപ്പോളും ശുദ്ധിയായി ഇരിക്കാൻ ശ്രദ്ധിക്കണം.

Little KITEs
SREE KRISHNA HS
MATTATHUR

അതുപോലെതന്നെ പുറത്തോ മറ്റോ പോയിവരുമ്പോൾ നമ്മുടെ കൈ കാലുകൾ നന്നായി കഴുകി വൃത്തിയാക്കിയതിനു ശേഷമേ മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടാവു.പുറത്തു നിന്നും നാം വാങ്ങിയതും നന്നായി വൃത്തിയാക്കിയതിനു ശേഷമേ ഉപയോഗിക്കാവൂ

അതുപോലെത്തന്നെ നമ്മുടെ നഖങ്ങളും നാം വൃത്തിയാക്കണം.നഖങ്ങൾ വളരുമ്പോൾ അതെല്ലാം മുറിച്ചു ഭംഗിയാക്കണം.അതുപോലെതന്നെ നഖത്തിനുള്ളിലെ അഴുക്കും നീക്കം ചെയ്യണം.നമ്മുടെ നഖത്തിനുള്ളിലെ അഴുക്കെല്ലാം വയറ്റിലെത്തിയാൽ അതെല്ലാം അപകട രോഗങ്ങൾക്ക് കാരണമാകും

പിന്നെ പനി ചുമ എന്നിങ്ങനെയുള്ള രോഗങ്ങൾ വന്നാൽ മാസ്ക് ധരിക്കാൻ ശ്രദ്ധിക്കണം.തുമ്മുംപോളെല്ലാം തുവാല ഉപയോഗിക്കണം.നമ്മുടെ രോഗങ്ങൾ മാറ്റിയെടുക്കാനാണ് ശ്രദ്ധിക്കേണ്ടത്.അല്ലാതെ അത് മറ്റുള്ളവർക്ക് കൂടി പകർത്താനല്ല.അതുകൊണ്ടു നാം എപ്പോളും ജാഗ്രതയോടെ ഇരിക്കുക .

അതുപോലെത്തന്നെ ആരോഗ്യത്തിന്റെ കാര്യത്തിലും നാം വളരെയധികം ശ്രദ്ധിക്കണം.എപ്പോഴും തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം അതുപോലെത്തന്നെ കിണറും മറ്റും ശുദ്ധിയായി സൂക്ഷിക്കണം.ഓരോ മാസം കൂടോന്തോറും വീട്ടിലെ ടാങ്കുകൾ വൃത്തിയാക്കണം

അതുപോലെത്തന്നെ ശുദ്ധിയായ പച്ചക്കറികൾ കഴിക്കാൻ ശ്രദ്ധിക്കുക.പുറത്തുനിന്നും വരുന്ന വിഷമടിച്ച കഴിവതും ഒഴിവാക്കാൻ ശ്രമിക്കുക.നമ്മുടെ വീടുകളിൽ നമുക്ക് ആവും വിധം പച്ചക്കറികൾ നട്ടുപിടിപ്പിക്കുക.നമ്മുടെ വീടുകളിലെല്ലാം അടുക്കളത്തോട്ടം നിർമിക്കാൻ ശ്രമിക്കുക.

അതുപോലെത്തന്നെ ഇലവർഗങ്ങളും നന്നായി കഴിക്കുക.ഇലവർഗങ്ങൾ കഴിക്കുന്നതിലൂടെ നമ്മുടെ കാഴ്ചശക്തി വർധിക്കും.അതുപോലെതന്നെ പല രോഗങ്ങൾക്കും ഇപ്പോൾ ഇലവർഗങ്ങൾ കഴിക്കാനാണ് പറയുന്നത്.നമ്മുടെ ഭക്ഷണ രീതിയിൽ ഇലവർഗങ്ങളും ഉൾപെടുത്താൻ ശ്രമിക്കുക

അതുപോലെത്തന്നെ പുറത്തുനിന്നുമുള്ള ഭക്ഷണം ഒഴിവാക്കാൻ ശ്രമിക്കുക.അതെല്ലാം കഴിച്ചു വയറു കേടാക്കാതെ നോക്കുക.അതുപോലെത്തന്നെ രോഗങ്ങളും വരുത്താതെ നോക്കുക.കഴിവതും വീട്ടിലെ ഭക്ഷണം കഴിക്കുക.പുറത്തുനിന്നുള്ള ഭക്ഷണം നമ്മുടെ ആരോഗ്യത്തിനു നല്ലതല്ല.

പുറത്തുനിന്നും കയറ്റുമതി ചെയ്ത വിഷമടിച്ച പച്ചക്കറികൾ ഒഴിവാക്കുക.കഴിയുന്നത്ര സാധനങ്ങൾ നാം അധ്വാനിച്ചുണ്ടാക്കാൻ ശ്രമിക്കുക.എങ്കിലേ ആരോഗ്യമുള്ള ഒരു ശരീരം നമുക്ക് മുൻപോട്ട് കൊണ്ടുപോകാനാവൂ.ആരോഗ്യം മുൻപോട്ട് കൊണ്ടുപോകണമെങ്കിൽ ശുദ്ധമായ ഭക്ഷണങ്ങൾ കഴിക്കണം.

അതുപോലെതന്നെ നമുക്കൊരു ഭക്ഷണരീതി വേണം.പച്ചക്കറികളും ഇലവർഗങ്ങളുമെല്ലാം ഉൾപ്പെടുത്തി,വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ കഴിവതും ഒഴിവാക്കാൻ ശ്രമിക്കുക.അത് നമ്മളിൽ കൂടുതൽ രോഗങ്ങളുണ്ടാക്കിയേക്കാം.അതുപോലെത്തന്നെ പഴവർഗങ്ങളും ഉൾപെടുത്തുക.

പിന്നെ അധികമായാൽ അമൃതവും വിഷം എന്ന് പറയുന്നതുപോലെ ഇതെല്ലാം ഒരു മിതമായ അളവിലെ കഴിക്കാവൂ.അതുപോലെത്തന്നെ എണ്ണപലഹാരങ്ങളും ഒഴിവാക്കാൻ നോക്കുക.കൂടുതലായി അതെല്ലാവും കഴിച്ചാൽ രോഗങ്ങളുടെ പടുകുഴിയിലേക്കാണ് നാം വീഴുക.

രോഗങ്ങളിൽ നിന്നും നമുക്ക് രക്ഷപ്പെടണമെങ്കിൽ ഈ ഭക്ഷണരീതിയും ശുചിത്വവുമെല്ലാം നാം പിന്തുടരണം.ശുചിത്വമുണ്ടെങ്കിലേ നമുക്ക് ആരോഗ്യമുണ്ടാകൂ.ആരോഗ്യവും ശുചിത്വവും നാം ഒരുപോലെ മുൻപോട്ട് കൊണ്ടുപോകണം.

*ഷയ്ബാനത്തുൽ മിസ്‌രി എ എ 8.E*

# DESTINY

If you have mind
you will reach great destiny
if you think better
you should do better
if you think fast
you should do fast
some say forget past
but don’t cause it collapsed on you
find its reason
and remake it
without the mistake

you will reach great destiny
if you have ambition and mind for it

every thing is under control of you
forget the future
forget the past
live in the moment
cause it is awesome

just don’t collapse
cause you should know
what’s at stake

if you collapse
it will destroy everyone

Near you,
it will be unbearable
if you don’t collapse
you will reach great destiny.

AARYAN A NITHER 8D

ലിറ്റിൽ കൈറ്റസ് യൂണിറ്റിൻെറ ഈ എളിയ
ഉദ്യമത്തിന് ഞങ്ങളോടൊപ്പം നിന്ന് എല്ലാവിധ
സഹായസഹകരണങ്ങളും നൽകിയ ബഹുമാനപ്പെട്ട
ഹെഡ് മിസ്ട്രസ്, അധ്യാപകർ, ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ മറ്റു വിദ്യാർത്ഥികൾ, ഏവർക്കും ലിറ്റിൽ
കൈറ്റ്സ് യൂണിറ്റിൻെറ പേരിലുള്ള
നന്ദി അറിയിക്കട്ടെ.

